# കെ. സുധാകരൻ തിരിച്ചെത്തുന്നു; പൂർണ്ണ ആരോഗ്യവാനായി



ചിക്കാഗോ: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ഉപദേശപ്രകാരം വിദഗ്ധ ചികിത്സക്കായി അമേരിക്കയിലെത്തിയ കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ പൂർവാധികം ആരോഗ്യവാനായി തിരിച്ചെത്തുന്നു. ജനുവരി ഒന്നിന് എത്തിയ അദ്ദേഹം കേരളത്തിലേക്ക് മടങ്ങി. ചിക്കാഗോ ഒഹയർ എയർപോർട്ടിൽ ഒഐസിസി ചെയർമാൻ ജെയിംസ് കൂടലിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന് ജനുവരി 24-ന് ഊഷ്മളമായ യാത്രയയപ്പ് നൽകി. പൂർണ ആരോഗ്യവാനായി കേരളത്തിലേക്ക് തിരിച്ചെത്തുന്ന അദ്ദേഹം ലോക്സഭാ തെരഞ്ഞെടുപ്പിലും തുടർന്നു 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പിലും കോൺഗ്രസിനെ അധികാരത്തിലേറ്റാൻ പ്രവർത്തകർക്ക് ആശയും ആവേശവുമായി പ്രവർത്തിക്കുമെന്നു ഒഐസിസി ചെയർമാൻ ജെയിംസ് കൂടൽ അറിയിച്ചു.

**സ്വന്തം ലേഖകൻ**

അമേരിക്കയിൽ എത്തിയ അദ്ദേഹം ചിക്കാഗോ, ന്യൂജേഴ്സി, ഫ്ളോറിഡ, ഹൂസ്റ്റൺ തുടങ്ങിയ സ്ഥലങ്ങളിൽ ഒഐസിസി ചാപ്റ്ററുകൾ സംഘടിപ്പിച്ച യോഗങ്ങളിൽ പങ്കെടുത്തു. ഒരേ മനസ്സോടെ കോൺഗ്രസ് പ്രവർത്തകർ പ്രവർത്തിക്കുവാൻ അദ്ദേഹം നൽകിയ കരുത്ത് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഏറെ സഹായകമാകും. കെ. സുധാകരൻ അദ്ധ്യക്ഷപദവി ഏറ്റെടുത്തശേഷം കേരളത്തിൽ കോൺഗ്രസ് താഴെത്തട്ടു മുതൽ തിരിച്ചുവരവിന്റെ പാതയിലാണ്. കണ്ണൂരിൽ സ്വന്തം ജീവൻ കൊടുത്ത് കോൺഗ്രസിനെ ശക്തിപ്പെടുത്താൻ ജീവിതം ഉഴിഞ്ഞുവെച്ച നേതാവാണ് കെ. സുധാകരൻ. നിരവധി പ്രതിസന്ധികളെ നേരിട്ടാണ് അദ്ദേഹം കെപിസിസി അധ്യക്ഷ പദവിവരെയെത്തിയത്. പൂർണ്ണ ആരോഗ്യവാനായി തിരിച്ചെത്തുന്ന കെ. സുധാകരൻ വർദ്ധിത വീര്യത്തോടെ പ്രവർത്തിച്ചു ലക്ഷ്യം നേടും എന്നാണ് കോൺഗ്രസ് പ്രവർത്തകരുടെ വിശ്വാസം.









കെ. സുധാകരന്റെ അമേരിക്കൻ പര്യടനം കോർഡിനേറ്റ് ചെയ്ത ഒഐസിസി ചെയർമാൻ ജെയിംസ് കൂടൽ

# ഒരു നേതാവാകാൻ ഒരു സ്ഥാനവും വഹിക്കേണ്ടതില്ല

**ജോസ് കണിയാലി**

അമേരിക്കയിൽ ചികിത്സയ്ക്കായി എത്തിയ കെപിസിസി പ്രസിഡന്റ് കെ. സുധാകരനെ ഇന്ന് ചിക്കാഗോ എയർപോർട്ടിൽ യാത്രയാക്കുവാൻ എത്തിയ നിമിഷങ്ങൾ ഒരിക്കലും മറക്കില്ല. മയോ ക്ലിനിക്കിൽ അദ്ദേഹം പരിശോധനകൾ കഴിഞ്ഞ് തിരികെ പോകുമ്പോൾ അദ്ദേഹത്തിന് അസുഖം ഒന്നും ഇല്ല എന്നതിന്റെ സന്തോഷം ആണ് പ്രധാനം. മറ്റൊന്ന് ഞാൻ കേട്ടറിഞ്ഞ സുധാകരൻ അല്ല എനിക്ക് ഷേക്ക്ഹാൻഡ് തന്ന് യാത്ര പറഞ്ഞ് പോയ സുധാകരൻ എന്നതാണ്. നമ്മൾ പലപ്പോഴും പല മനുഷ്യരെപ്പറ്റിയും മുൻകൂട്ടി വെച്ചു പുലർത്തുന്ന ധാരണകൾ ആ മനുഷ്യരെ പരിചയപ്പെടുമ്പോൾ പൂർണ്ണമായും തിരുത്തി പുതിയതിനെ പ്രതിഷ്ഠിക്കുന്ന അവസ്ഥ ഉണ്ടാകും. അദ്ദേഹം ആദ്യം ചിക്കാഗോയിൽ എത്തിയപ്പോൾ കേരളാ എക്സ്പ്രസിലേക്കും, എന്റെ വീട്ടിലേക്കും വന്നപ്പോൾ അദ്ദേഹത്തോടൊപ്പം ചിലവിട്ട നിമിഷങ്ങൾ മറക്കുവതെങ്ങനെ? കണ്ണൂരിലെ രാഷ്ട്രീയ സാഹചര്യങ്ങൾ, അവിടെ അദ്ദേഹം വിജയിച്ചു വരുന്നതിന്റെ സത്യാവസ്ഥ ഞാൻ തന്നെ വിലയിരുത്തി. അത് മറ്റൊന്നുമല്ല, ജനമനസ്സ് അറിഞ്ഞ് പ്രവർത്തിക്കുന്ന, ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ മാത്രം പറയുന്ന ഒരു മനുഷ്യസ്നേഹിക്ക് വിജയമല്ലാതെ മറ്റെന്തു ലഭിക്കാൻ. പലപ്പോഴും രാഷ്ട്രീയക്കാർ അപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ ഊറ്റം കൊള്ളുന്നവരാണ്. അദ്ദേഹം അതിൽനിന്നും വളരെ വ്യത്യസ്തനാണ് എന്ന് വളരെ വേഗം എനിക്ക് മനസിലായി. കെ. സുധാകരൻ ചിക്കാഗോയിൽ നിന്ന് ന്യൂജേഴ്സിയിലേക്കും ഫ്ളോറിഡയിലേക്കും ഹൂസ്റ്റണിലേക്കും ഒഐസിസിയുടെ വിവിധ മീറ്റിംഗുകൾക്ക് പങ്കെടുക്കാൻ പോയപ്പോൾ അമേരിക്കയിലെ വിവിധ കോൺഗ്രസ് ഗ്രൂപ്പുകളെ ഒരുമിപ്പിക്കുവാനുള്ള ശ്രമവുമായാണ് പോയത്. അത് അദ്ദേഹം എല്ലാ വേദികളിലും വെളിപ്പെടുത്തുകയും ചെയ്തു. അതുതന്നെ ഒരു പ്രതീക്ഷയാണ്. നിരവധി സ്വീകരണങ്ങൾ ലഭിച്ച് തിരികെ പോകാൻ ചിക്കാഗോയിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ യാത്രയയപ്പിലും പങ്കെടുക്കുവാൻ സാധിച്ചു. നമ്മുടെ ആതിഥേയത്വത്തെ സ്വീകരിച്ചതു മുതൽ അക്കമിട്ട് പറഞ്ഞ അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ അഭിമാനത്തോടെയാണ് കേട്ടത്. നമ്മോടൊപ്പം ഉണ്ടായിരുന്ന നിമിഷങ്ങൾ ഒരാൾ പങ്കുവെക്കുമ്പോൾ അതൊരു സന്തോഷമാണ്... ആനന്ദമാണ്...



ഒരു നേതാവാകാൻ ഒരു സ്ഥാനവും വഹിക്കേണ്ടതില്ല എന്ന് തെളിയിക്കുകയായിരുന്നു അദ്ദേഹം. താൻചെയ്ത എല്ലാകാര്യങ്ങളിലും പ്രധാനം തന്നോടൊപ്പം പ്രവർത്തിക്കുന്നവരെ ഏകോപിപ്പിക്കുകയും അവരുടെ ശ്രമങ്ങൾ നിശ്ചിത ലക്ഷ്യത്തിൽ എത്തുന്നതുവരെ അവരെ ഒപ്പം നിർത്തി അവർക്ക് വേണ്ടതെല്ലാം നൽകാൻ തയ്യാറാകുന്ന ഒരു നേതാവിനെയാണ് കെ. സുധാകരനിലൂടെ ഞാൻ കണ്ടത്.



ഞാൻ നിങ്ങളുടെ നേതാവ് എന്ന് പറഞ്ഞുകൊണ്ട് ഒരു നേതാവിനും വരാൻ കഴിയില്ല. അത് സംഭവിക്കേണ്ടതാണ്. മറ്റുള്ളവരുടെ ബഹുമാനം കിട്ടുമ്പോഴാണ് അത് സംഭവിക്കുന്നത്. കെ. സുധാകരന്റെ കാര്യത്തിൽ ഈ കാര്യം നൂറ് ശതമാനം കൃത്യമാകുന്നു എന്ന് ഞാൻ വിലയിരുത്തുന്നു. അദ്ദേഹം ഒരു നേതാവാകുന്നതിന് മുൻപ് സ്വയം വളരുകയും നേതാവായ ശേഷം മറ്റുള്ളവരെ വളർത്തുന്നതിൽ വിജയം കാണുകയും ചെയ്യുന്ന വ്യക്തിത്വം. അതാണ് ഞാൻ മനസ്സിലാക്കിയ കെ. സുധാകരൻ എന്ന പച്ച മനുഷ്യൻ.

ചിക്കാഗോ എയർപോർട്ടിൽ കൈ നൽകി പിരിയുമ്പോൾ ഈ സമാഗമത്തിന് അവസരമൊരുക്കുകയും അദ്ദേഹത്തിന്റെ പ്രോഗ്രാമുകൾ കൃത്യമായി കോർഡിനേറ്റ് ചെയ്യുകയും ചെയ്ത ഒഐസിസി ചെയർമാൻ ജെയിംസ് കൂടലിന് നന്ദി.